**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4172** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ ഹോം ഷോപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ ഉല്പന്നങ്ങൾ വീട്ടുപടിക്കലെത്തിക്കുന്ന ഹോം ഷോപ്പ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വനിതകൾക്ക് ജോലിയും സ്ഥിര വരുമാനവും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്; എത്ര ഹോം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; അറിയിക്കാമോ; | (എ) | കുടുംബശ്രീ ഹോം ഷോപ്പ് സംവിധാനത്തിലൂടെ 13 ജില്ലകളിൽ 17 മാനേജ്മെന്റ് ടീമുകളിലായി 2392 പേർ ഹോം ഷോപ്പ് ഓണർമാരായി ജോലി ചെയ്തു വരുന്നു. ഇതിലൂടെ 344 സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. |
| (ബി) | കുടുംബശ്രീ ഹോം ഷോപ്പ് ഓണർമാർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കുടുംബശ്രീ ഹോം ഷോപ്പ് ഓണർമാർക്ക് ഉത്പന്നങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനായി ബാഗ്, യൂണിഫോം, ID കാർഡ്, കുടുംബശ്രീ ഹോം ഷോപ്പ് ഓണർമാർക്ക് ആവശ്യമായ പരിശീലനത്തിനുള്ള തുക എന്നിവയും കുടുംബശ്രീ നൽകുന്നു. കൂടാതെ CDS തലത്തിൽ CEF ലോൺ ആയി 4% പലിശ നിരക്കിൽ 25000/- രൂപ വരെ അനുവദിക്കുന്നതിനു മാർഗനിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ